# തെഹ്റാനിൽ അൽഅസ്ഹറിന്റെ ശാഖ തുറക്കുന്നു

**ഈജിപ്തിലെ** പ്രശസ്ത ഇസ്‌ലാമിക കലാലയമായ അൽഅസ്ഹർ യൂനിവേഴ്സിറ്റിയുടെ ശാഖ, ഇറാൻ തലസ്ഥാനമായ തെഹ്റാനിൽ വരുന്ന ഒക്ടോബറിൽ പുതിയ അധ്യയന വർഷാരംഭത്തോടെ നിലവിൽ വരും. ഇതു സംബന്ധമായ ചർച്ചകൾ പൂർത്തിയായതായി അൽ അസ്ഹർ റെക്ടർ ഡോ. മുഹമ്മദ് ത്വൻതാവി അറിയിച്ചു. സുന്നീ-ശീഈ ബന്ധങ്ങൾ മെച്ചപ്പെടുത്തുക എന്ന മുഖ്യ ലക്ഷ്യത്തോടെ ഇറാനിൽ പ്രവർത്തിക്കുന്ന സംഘടന(മജ്മഉത്തഖ്‌രീബ് ബൈനൽ മദാഹിബിൽ ഫിഖ്ഹിയ്യ)യുടെ സെക്രട്ടറി മുഹമ്മദ് അലി തസ്ഖീരിയാണ് ഈ സംരംഭത്തിന് മുൻകൈയെടുത്തത്.



*മുഹമ്മദ് അലി തസ്ഖീരി*

ഇറാനിൽനിന്ന് വരുന്ന വിദ്യാർഥികൾക്ക് അൽഅസ്ഹറിലെ ഏത് ഫാക്കൽറ്റിയിലും ചേർന്നു പഠിക്കാൻ നേരത്തേ അനുവാദം നൽകിയിരുന്നു. ഇറാനിലെ കലാലയങ്ങൾ നൽകുന്ന ബിരുദങ്ങൾ തദ്ദേശീയ ബിരുദങ്ങൾക്ക് തത്തുല്യമായി പരിഗണിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇറാനിയൻ സർവകലാശാലകളിൽ വിസിറ്റിംഗ് പ്രഫസർമാരായി അൽ അസ്ഹർ അധ്യാപകരെ വിട്ടുതരണമെന്ന അഭ്യർഥനയും സ്ഥാപനാധികൃതർ അംഗീകരിച്ചു.

ചരിത്രപരമായ കാരണങ്ങളാൽ വളരെയേറെ അകന്നുപോയ ഇരു വിഭാഗങ്ങളെയും സമുദായത്തിന്റെ പൊതു താൽപര്യങ്ങൾക്കു വേണ്ടി ഒന്നിപ്പിക്കാൻ ഇത്തരം നീക്കങ്ങൾ സഹായകമാവുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇറാനിലെ പ്രാഥമിക കലാലയങ്ങളിൽ അറബിഭാഷ കാര്യക്ഷമമായി പഠിപ്പിക്കാനുള്ള ഒരു പ്രോജക്ടും അൽഅസ്ഹർ ഏറ്റെടുക്കുമെന്നാണ് സൂചന. വിപ്ലവത്തിനു ശേഷം അറബിഭാഷാ പഠനത്തിന് പ്രാമുഖ്യം നൽകുമെന്ന് ആയത്തുല്ലാ ഖുമൈനി പ്രഖ്യാപിച്ചിരുന്നെങ്കിലും അത് വേണ്ടരീതിയിൽ നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. ■

# ഹിംസിന്റെ സമ്മേളനത്തിൽ സംഭവിച്ചത്

**അൾജീരിയയിലെ** ഇസ്‌ലാമിക പ്രസ്ഥാനമായ *ഹർകതു മുജ്തമഇസ്സിൽമി*(ഹിംസ്)ന്റെ നാലാം ദേശീയ സമ്മേളനം കഴിഞ്ഞിട്ട് നാല് മാസമെങ്കിലുമായി. അസാധാരണ സമ്മേളനമൊന്നും അല്ലാത്തതിനാൽ ഇതു സംബന്ധമായ വാർത്തകൾ ഒന്നോ രണ്ടോ ദിവസം മാത്രമേ മാധ്യമങ്ങളിൽ വരേണ്ടതുള്ളൂ. എന്നാൽ, ഈ സമ്മേളനത്തെക്കുറിച്ച വിശകലനങ്ങൾ അറബി മുഖ്യധാര മാധ്യമങ്ങളിൽ ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു.

അൾജീരിയയിൽ ഇസ്‌ലാമിസ്റ്റുകളെന്ന് അവകാശപ്പെടുന്ന കക്ഷികളൊക്കെയും തമ്മിൽ തല്ലിയും വികലനയങ്ങൾ പിന്തുടർന്നും ശിഥിലമായി. ആകെ ബാക്കിയുണ്ടായിരുന്നത് ഹിംസ് ആയിരുന്നു. നാലാം ദേശീയ സമ്മേളനത്തോടെ അതും തല്ലിപ്പിരിയാൻ പോകുന്നു. ഇതാണ് മാധ്യമങ്ങളിൽ വരുന്ന വിശകലനത്തിന്റെ ഒരു സാമ്പിൾ. സമ്മേളനത്തിൽ സംഘടനയുടെ നേതൃസ്ഥാനത്തേക്ക് നടന്ന തെരഞ്ഞെടുപ്പ് വാശിയേറിപ്പോയതാണ് പ്രശ്നം. സംഘടനയുടെ നിലവിലുള്ള അധ്യക്ഷൻ അബൂ ജർറ സുൽത്വാനിയാണ്. മികച്ച സംഘാടകനായ അദ്ദേഹം വീണ്ടും തെരഞ്ഞെടുക്കപ്പെടുമെന്നായിരുന്നു പ്രതീക്ഷിക്കപ്പെട്ടിരുന്നത്.

പക്ഷേ, അധ്യക്ഷസ്ഥാനത്തേക്ക് മത്സരിക്കാൻ മറ്റൊരാൾ രംഗത്തു വന്നു- അബ്ദുൽ മജീദ് മുനാസ്വിറ. മികച്ച പാർലമെന്റേറിയൻ. സമ്മേളന പ്രതിനിധികൾക്കിടയിൽ ഇരുപക്ഷത്തിനും വേണ്ടി പരസ്യമായി പ്രചാരവേലകൾ നടന്നു. ഒടുവിൽ വോട്ടിംഗിൽ നിലവിലുള്ള പ്രസിഡന്റിന് തന്നെയാണ് ഭൂരിപക്ഷം എന്ന് ബോധ്യമായപ്പോൾ അബ്ദുൽ മജീദ് മുനാസ്വിറ പിൻവാങ്ങി, പ്രസിഡന്റിന് പിന്തുണ പ്രഖ്യാപിച്ചു. സ്റ്റേജ് വികാരഭരിതമായ രംഗങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ഒത്തൊരുമിച്ച് പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്താണ് പ്രതിനിധികൾ പിരിഞ്ഞുപോയത്.



*അബ്ദുൽ മജീദ് മുനാസ്വിറ*

സംഘടനയിൽ ആഭ്യന്തര ജനാധിപത്യം നിലനിൽക്കുന്നു എന്നതിന് ഇതിലേറെ മറ്റെന്ത് തെളിവു വേണം! ഇതാണ് മാധ്യമങ്ങൾ തമ്മിലടിയായി കാണുന്നത്. ■

# കവിതകളിലെ മൂല്യപ്രതിബദ്ധത


**ഇൻതിസാർ നഈം**

**സംഘടനാ** ഭാരവാഹിത്വവും കവിതയും ഒന്നിച്ചു കൊണ്ടുപോകുന്നവർ അപൂർവമാണ്. ആ അപൂർവരിൽ ഒരാളാണ് ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അസി. സെക്രട്ടറി ഇൻതിസാർ നഈം. ജമാഅത്തിന്റെ കലാ സാഹിത്യ വിഭാഗമായ 'ഇദാറെ അദബെ ഇസ്‌ലാമി' ഈ വർഷമാദ്യം ഹൈദരാബാദിൽ സംഘടിപ്പിച്ച അതിന്റെ വാർഷിക സമ്മേളനത്തിലാണ് ഇൻതിസാർ നഈമിന്റെ ഉർദു കവിതാ സമാഹാരമായ *ശർതെ വഫാ* പ്രകാശനം ചെയ്തത്. ഈ സമാഹാരത്തെ പുകഴ്ത്തിക്കൊണ്ട് കോളമിസ്റ്റ് ഔസാഫ് സഈദ് വസ്ഫി ഇതിനകം രണ്ടു തവണ *റേഡിയൻസ്* ഇംഗ്ലീഷ് വാരികയിൽ എഴുതിക്കഴിഞ്ഞു.

ഒരു തികഞ്ഞ ആദർശവാദിയെത്തന്നെയാണ് നാമീ കവിതകളിൽ കാണുന്നത്. പക്ഷേ ഒരു പ്രോപഗണ്ടിസ്റ്റായി തരംതാഴാതെ ഉയർന്നുനിൽക്കാൻ കവിക്ക് സാധിക്കുകയും ചെയ്തിരിക്കുന്നു. അലസിപ്പിക്കലിന് വിധേയമാവുന്ന ഒരു ഗർഭസ്ഥശിശുവിന്റെ അമ്മയോടുള്ള വിതുമ്പൽ ആരുടെയും കണ്ണ് നനക്കും. അതിക്രമങ്ങൾക്കെതിരെ നിസ്സംഗത പുലർത്തുന്ന സമൂഹത്തെ കവി നിശിതമായി വിചാരണ ചെയ്യുന്നു.

*എന്നെ കൊന്നതിനു ശേഷം അറവുശാല അടച്ചിടരുത്/ സ്വന്തം തലകൾ കൈവെള്ളകളിൽ അരിഞ്ഞെടുത്ത് ആളുകൾ വരാനുണ്ട്.*

*എന്റെ കണ്ണുകളിൽ കണ്ണീരില്ല, ചുണ്ടുകളിൽ പ്രതിഷേധമില്ല/ എന്റെ കഥ ആരാണ് മനസ്സിലാക്കുക?* ■

പേജ് 225. വില 150 രൂപ.
Shart-e-Wafa
Intizar Naeem
Idara-e- Adab-e-Islami Hind
2703, Baradari, Ballimaran, Delhi

# ഫ്രഞ്ച് മുസ്‌ലിം കൗൺസിൽ തെരഞ്ഞെടുപ്പിൽ ആർ.എം.എഫ് മുന്നേറ്റം

**ഫ്രഞ്ച്** മുസ്‌ലിംകളുടെ പൊതുവേദിയായ 'ഫ്രഞ്ച് കൗൺസിൽ ഓഫ് മുസ്‌ലിം ഫെയ്ത്തി' (സി.എഫ്.സി.എം)ലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ, മൊറോക്കൻ വംശജർക്ക് മുൻതൂക്കമുള്ള 'റാലി ഓഫ് ഫ്രഞ്ച് മുസ്‌ലിംസ്'(ആർ.എം.എഫ്)ന് വൻ മുന്നേറ്റം. 43.24 ശതമാനം വോട്ടുകൾ നേടി ആർ.എം.എഫ് ഒന്നാം സ്ഥാനത്തെത്തി. കൗൺസിലിലെ 41 സീറ്റുകളിൽ 20 എണ്ണം വോട്ടിംഗ് ബലത്തിൽ ഇവർക്ക് ലഭിക്കും. യൂനിയൻ ഓഫ് ഫ്രഞ്ച് ഇസ്‌ലാമിക് ഓർഗനൈസേഷൻസ് (UOIF) 12 സീറ്റോടെ രണ്ടാം സ്ഥാനത്തെത്തി. പാരീസ്, ലിയൺ, മാർസെ തുടങ്ങിയ പ്രധാന നഗരങ്ങളിലും ഇവർക്കാണ് ഭൂരിപക്ഷം. തുർക്കി വംശജർക്ക് മുൻതൂക്കമുള്ള സംഘടനക്കാണ് മൂന്നാം സ്ഥാനം- നാലു സീറ്റുകൾ.

നിക്കളോസ് സർക്കോസി ഫ്രഞ്ച് ആഭ്യന്തര മന്ത്രിയായിരിക്കെ 2003-ലാണ് ഫ്രഞ്ച് കൗൺസിൽ ഓഫ് മുസ്‌ലിം ഫെയ്ത്ത് രൂപീകരിക്കപ്പെടുന്നത്. ഫ്രഞ്ച് മുസ്‌ലിംകളെ ഔദ്യോഗികമായി പ്രതിനിധീകരിക്കുന്നത് ഈ കൗൺസിലാണ്. അൾജീരിയൻ വംശജർക്ക് ഭൂരിപക്ഷമുള്ള പാരീസ് ഗ്രാന്റ് മോസ്ക് എന്ന കൂട്ടായ്മയാണ് തുടക്കം മുതലേ കൗൺസിലിനെ നിയന്ത്രിച്ചു പോന്നത്. ഗ്രാന്റ് മോസ്ക് തലവൻ ദലീൽ ബൂബക്കറായിരുന്നു രണ്ടു തവണയും കൗൺസിലിന്റെ പ്രസിഡന്റ്. ഹിജാബ്, ഇസ്‌ലാമോഫോബിയ തുടങ്ങിയ പ്രശ്നങ്ങളിൽ ദലീൽ ബൂബക്കറും സംഘവും ആർജവമുള്ള നിലപാട് സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം തെരഞ്ഞെടുപ്പു വേളയിൽ ശക്തമായിരുന്നു. നിസ്സാര കാരണങ്ങൾ പറഞ്ഞ് പാരീസ് ഗ്രാന്റ് മോസ്ക് തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുകയും ചെയ്തു. ഇഖ്‌വാൻ ആഭിമുഖ്യമുള്ളവരാണ് തെരഞ്ഞെടുപ്പിൽ കൂടുതൽ നേട്ടമുണ്ടാക്കിയത്. ഇത് ഭരണകൂടവുമായി ഏറ്റുമുട്ടലിലേക്ക് നയിക്കുമോ എന്ന് ആശങ്കിക്കുന്നവരുണ്ട്. ആർ.എം.എഫിന്റെ പ്രതിനിധി മുഹമ്മദ് അൽ മൂസവി കൗൺസിൽ പ്രസിഡന്റാവാനാണ് സാധ്യത. ■